# 1. കളികൾ, കളികൾ

- പാമ്പും കോണിയും
- ഏതു കയ്യിൽ പൊന്ന്?
- ചെസ്
- കുട്ടിയും കോലും
- മാണിക്യച്ചെമ്പഴുക്ക
- തൊട്ടു കളി
- ഈർക്കിൾ കളി
- പല്ലാങ്കുഴി

## നൽകിയ കളികളെ തരം തിരിക്കാം.

| ഉപകരണങ്ങൾ വേണ്ട കളികൾ | ഉപകരണങ്ങൾ വേണ്ടാത്ത കളികൾ |
|---|---|
| | |

| രണ്ടുപേർ മാത്രം കളിക്കുന്നവ | സംഘമായി കളിക്കുന്നവ |
|---|---|
| | |

## 2. കളി വിവരണം വായിക്കാം

### ഏതു കയ്യിൽ പൊന്ന്?

രണ്ടു പേർക്ക് കളിക്കാവുന്ന കളിയാണ്. കളി തുടങ്ങുന്ന കുട്ടി ചെറിയ മുത്ത് കയ്യിൽ എടുക്കുന്നു. കൈകൾ പിറകിലേക്ക് പിടിച്ച് മുത്ത് ഒരു കയ്യിലാക്കുന്നു. ഇത് മറ്റേ കുട്ടി കാണരുത്. കൈകൾ ചുരുട്ടിപ്പിടിച്ച് മുന്നോട്ട് കൊണ്ടുവന്ന്

ഏതു കയ്യിൽ പൊന്ന്?
ഏതു കയ്യിൽ പൊന്ന്?
ഇക്കയ്യിലോ?
ഇക്കയ്യിലോ?

എന്ന് ഈണത്തിൽ ചോദിക്കണം. മറ്റേ കുട്ടി ഉത്തരം പറയണം. ഉത്തരം പറഞ്ഞാൽ കൈ നിവർത്തി കാണിക്കണം. ഉത്തരം ശരിയായാൽ ഉത്തരം പറഞ്ഞ കുട്ടി മുത്ത് ഒളിപ്പിച്ച് ചോദിക്കുന്നു. ശരിയല്ലെങ്കിൽ കളിക്കുന്ന ആൾ തന്നെ തുടരുന്നു. ഇതു പോലെ കളി തുടരുന്നു.

## 3. എഴുതാം


| കളിയുടെ പേര്? | ഏതു കയ്യിൽ പൊന്ന്? |
|---|---|
| കളിക്കാൻ ഉപകരണം വേണോ? | |
| കളിക്കാൻ എത്ര പേർ വേണം? | |
| കളി നിയമങ്ങൾ എന്തെല്ലാം? | |

# 4. കളിപ്പാട്ടങ്ങൾ നിർമിക്കാം

## കാണാം

മച്ചിങ്ങവണ്ടി ചാഞ്ചാടും പാവ





ചാഞ്ചാടുംപാവ മച്ചിങ്ങവണ്ടി

## 5. നിങ്ങൾ എഴുതിയ കളികളുടെ പേരുകളും കളിവിവരണങ്ങളും ശേഖരിച്ച കളികളുടെ ചിത്രങ്ങളും ചേർത്ത് കളി പതിപ്പ് തയാറാക്കൂ ..



ദിവാകരൻ.പി
ALPS KUTTIPPURAM SOUTH